## കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നടപടി ക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ് – ജീവനക്കാര്യം – സീനിയർ സൂപ്രണ്ടുമാരെ സ്ഥലം മാറ്റം / സ്ഥാനക്കയറ്റം നൽകി നിയമിച്ച് ഉത്തരവാകുന്നു -

---

**ഉത്തരവ് നം: എസ്റ്റാ -സി 1/ 541/2018/കോ.വി.വ** **തീയതി : 06.07.2018**

---

പരാമർശം :- 1) 03.07.2018-ലെ സ.ഉ(സാധാ)നം.1314/2018/ഉ.വി.വ

2) 17.04.2018-ലെ നം.സി1/11883/2018/കോ.വി.വ നമ്പർ ആയി വിജ്ഞാപനം ചെയ്ത ജൂനിയർ സൂപ്രണ്ടുമാരുടെ സെലക്ട് ലിസ്റ്റ്

3) വിവിധ സീനിയർ സൂപ്രണ്ടുമാരിൽ നിന്നും ലഭിച്ച സ്ഥലം മാറ്റ അപേക്ഷകൾ

## ഉത്തരവ്

കോളേജ് വിദ്യാഭ്യാസ വകുപ്പിൻ കീഴിൽ സീനിയർ സൂപ്രണ്ട് തസ്തികയിൽ താഴെപ്പറയുന്ന രണ്ട് ഒഴിവുകൾ നിലവിലുണ്ട്.

| ക്രമ നമ്പർ | സ്ഥാപനം | ഒഴിവിന്റെ സ്വഭാവം |
|---|---|---|
| 1 | ഗവണ്മെന്റ് കോളേജ്, ചൊക്ലി | ശ്രീ.ചന്ദ്രൻ.സി, സീനിയർ സൂപ്രണ്ട് 30.06.2018-ൽ വിരമിച്ച ഒഴിവ് |
| 2. | കോളേജ് വിദ്യാഭ്യാസ ആസ്ഥാന കാര്യാലയം | ശ്രീ. ഇ.നസീർ, സീനിയർ സൂപ്രണ്ടിന് പരാമർശം (1) ഉത്തരവ് പ്രകാരം സ്ഥാനക്കയറ്റം ലഭിച്ച ഒഴിവ് |

മേൽ സൂചിപ്പിച്ച ഒഴിവിലേയ്ക്ക് ചുവടെ പേര് ചേർത്തിട്ടുള്ള സീനിയർ സൂപ്രണ്ടിനെ അദ്ദേഹത്തിന്റെ പേരിനെതിരെ സൂചിപ്പിച്ചിട്ടുള്ള സ്ഥാപനത്തിലേയ്ക്ക് സ്ഥലം മാറ്റി നിയമിച്ച് ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര്, തസ്തിക, ജോലി ചെയ്യുന്ന സ്ഥാപനം | സ്ഥലം മാറ്റി നിയമിക്കുന്ന സ്ഥാപനം |
|---|---|---|
| 1. | ശ്രീ.സുധീർ.എം.എസ്,<br>സീനിയർ സൂപ്രണ്ട്,<br>ഗവണ്മെന്റ് കോളേജ്, ഉദുമ<br>(ഹോം സ്റ്റേഷൻ തിരുവനന്തപുരം) | കോളേജ് വിദ്യാഭ്യാസ ആസ്ഥാന കാര്യാലയം<br>(ശ്രീ.ഇ.നസീർ, സീനിയർ സൂപ്രണ്ടിന് സ്ഥാനക്കയറ്റം ലഭിച്ച ഒഴിവ്) |

മേൽ സൂചിപ്പിച്ച സ്ഥലമാറ്റത്തിനുശേഷം അവശേഷിക്കുന്ന സീനിയർ സൂപ്രണ്ട് തസ്തികയിലെ ഒഴിവുകളിലേയ്ക്ക് പരാമർശം 2 പ്രകാരം വിജ്ഞാപനം ചെയ്ത ജൂനിയർ സൂപ്രണ്ടുമാരുടെ സെലക്ട് ലിസ്റ്റിൽ നിന്നും അവരുടെ മുൻഗണന ക്രമമനുസരിച്ച് താഴെ പേര് പറയുന്ന ജൂനിയർ സൂപ്രണ്ടുമാരെ 36600-79200 രൂപ (പ്രീ റിവൈസ്ഡ് 18740-33680) രൂപ ശമ്പള സ്കെയിലിൽ സീനിയർ സൂപ്രണ്ടുമാരായി സ്ഥാനക്കയറ്റം നൽകി നിയമിച്ച് ഉത്തരവാകുന്നു.

159988 GOVERNMENT OF KERALA 2017-18

| ക്രമ നമ്പർ | പേര്, തസ്തിക, ജോലി ചെയ്യുന്ന സ്ഥാപനം | 17.04.2018-ലെ നം.സി1/11883/ 2018/ കോ.വി.വ നമ്പർ ആയി വിജ്ഞാപനം ചെയ്ത സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്കുള്ള സെലക്ട് ലിസ്റ്റിലെ ക്രമനമ്പർ | സീനിയർ സൂപ്രണ്ടായി സ്ഥാനക്കയറ്റം നൽകി നിയമിക്കുന്ന സ്ഥാപനം |
|---|---|---|---|
| 1 | ശ്രീമതി.മേരി നിർമ്മല.എം, ജൂനിയർ സൂപ്രണ്ട്, കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറേറ്റ്, കൊല്ലം | 11 | ഗവണ്മെന്റ് കോളേജ്, ഉദുമ (ശ്രീ.സുധീർ.എം.എസ്, സീനിയർ സൂപ്രണ്ടിനെ സ്ഥലം മാറ്റിയ ഒഴിവിൽ) |
| 2. | ശ്രീമതി.മീനാക്ഷി അമ്മാൾ.ആർ, ഗവണ്മെന്റ് കോളേജ്, കൊഴിഞ്ഞാമ്പാറ | 12 | ഗവണ്മെന്റ് കോളേജ്, ചൊക്ലി (ശ്രീ.ചന്ദ്രൻ.സി, സീനിയർ സൂപ്രണ്ട് 30.06.2018-ന് വിരമിച്ച ഒഴിവിൽ) |

ഈ ഉത്തരവ് പ്രകാരം സ്ഥലം മാറ്റം / സ്ഥാനക്കയറ്റം നൽകി നിയമിച്ചിട്ടുള്ള ജീവനക്കാർ ഇപ്പോൾ സേവനമനുഷ്ഠിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും വിടുതൽ വാങ്ങി സ്ഥലം മാറ്റം / സ്ഥാനക്കയറ്റം നൽകി നിയമിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ്. ബന്ധപ്പെട്ട സ്ഥാപനമേധാവികൾ ഇവർ വിടുതൽ ചെയ്തതും ജോലിയിൽ പ്രവേശിച്ചതുമായ വിവരങ്ങൾ ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ഈ ഉത്തരവ് പ്രകാരം സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാർ ഓപ്ഷൻ ഫോറം അക്കൌണ്ടന്റ് ജനറലിന് സമർപ്പിക്കേണ്ടതാണ്. ഈ ഉത്തരവ് കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റായ www.collegiateedu.kerala.gov.in എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.

ഒപ്പ്/-,
ഹരിത.വി.കുമാർ, ഐ.എ.എസ്
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാർക്ക്
പകർപ്പ് :-

1. അക്കൌണ്ടന്റ് ജനറൽ, കോട്ടയം.
2. ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക്.
3. സി.എ – ഡയറക്ടർ / സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ.
4. കരുതൽ ഫയൽ / നടപ്പ് ഫയൽ

120367

/അംഗീകാരത്തോടെ/

സൂപ്രണ്ട്

പി.ജി:07.07.2018

GOVERNMENT OF KERALA 2017-18